**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :**2408** **12.02.2020**-ലെ മറുപടിക്ക്

## കിൻഫ്ര നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ്<br>ശ്രീ.പി. ഉണ്ണി<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| **(എ)** വ്യവസായങ്ങൾക്കുവേണ്ട അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് കിൻഫ്ര മുഖേന നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ അനുവദിക്കാൻ തീരുമാനമായിട്ടുണ്ടോ; അവയ്ക്കുള്ള ആനുകൂല്യങ്ങളും നിബന്ധനകളും എന്തെല്ലാമാണെന്ന് അറിയിക്കാമോ; | **(എ)** വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചു കൊണ്ടിരിക്കുന്നു. ഇവ കൂടാതെ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാം അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനവും എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം ആകർഷിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്ക് സ്വന്തം നിലയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം നഗര പ്രദേശങ്ങളിൽ കുറഞ്ഞത് 15 ഏക്കർ ഭൂമിയും ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 25 ഏക്കർ ഭൂമിയും സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് പരിഗണിക്കാവുന്നതാണ്. എന്നാൽ അവർ അക്വയർ ചെയ്ത ഭൂമി വ്യവസായികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ പാടില്ല.<br>ഇത്തരത്തിൽ സ്ഥാപിക്കുന്ന സ്വകാര്യ വ്യവസായ പാർക്കുകളിൽ അടിസ്ഥാന |

| | |
|---|---|
| | സൗകര്യ വികസനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം സ്വകാര്യ സംരംഭകർക്കായിരിക്കും. അനുബന്ധ അനുമതികൾ ലഭ്യമാകുന്ന ഏകജാലക സംവിധാനം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സ്വകാര്യ വ്യവസായ പാർക്കുകൾക്കും ബാധകമായിരിക്കും |
| **(ബി)** കിൻഫ്ര നടപ്പാക്കുന്ന വൻകിട പദ്ധതികളായ പാലക്കാട് മെഗാ ഫുഡ് പാർക്ക്, ഡിഫൻസ് പാർക്ക്, എറണാകുളം പെട്രോ കെമിക്കൽ പാർക്ക് തുടങ്ങിയവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; സംയോജിത റൈസ് പാർക്കുകൾക്കുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | **(ബി) 1.<u>മെഗാഫുഡ് പാർക്ക്, പാലക്കാട്:</u>**<br>കിൻഫ്ര ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയാണ് പാലക്കാട് ജില്ലയിലെ മെഗാഫുഡ് പാർക്ക്. 99 ഏക്കറിൽ കിൻഫ്ര സ്ഥാപിക്കുന്ന ഈ പദ്ധതിയുടെ ആകെ ചിലവ് 119.02 കോടി രൂപയാണ്. പ്രസ്തുത പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, വികസിപ്പിച്ച റോഡുകൾ എന്നിവ കൂടാതെ പ്രത്യേക അടിസ്ഥാന സൗകര്യങ്ങളായ കോൾഡ് സ്റ്റോറേജ്, റൈപെനിംഗ് ചേംബർ, വെയർ ഹൗസ്, പായ്ക്ക് ഹൗസ്, സുഗന്ധവ്യഞ്ജന സംസ്കരണ സംവിധാനം, ഗുണനിലവാര ലാബുകൾ എന്നീ സൗകര്യങ്ങളും വികസിപ്പിച്ചിട്ടുണ്ട്. മേൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം പൂർത്തീകരിച്ചു കഴിഞ്ഞു. വിവിധ സംരംഭകർക്കായി ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. 11 വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നു.<br>**<u>2. ഡിഫൻസ് പാർക്ക്, പാലക്കാട്:</u>**<br>പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് 60 ഏക്കറിൽ കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ Modified Industrial Infrastructure Upgradation Scheme (MIIUS) പ്രകാരം കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി ഒരു ഡിഫൻസ് പാർക്ക് സ്ഥാപിച്ചു വരുന്നു. 130.94 കോടി രൂപയാണ് പദ്ധതിയുടെ ആകെ ചിലവ്. പ്രതിരോധ മേഖലയിലുള്ള വ്യവസായങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലവിതരണ സംവിധാനം, 27344 ചതുരശ്ര അടി വിസ്തീർണ്ണമുള്ള 3 വെയർഹൗസുകൾ, 9066 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോമൺ യൂട്ടിലിറ്റി സെന്റർ എന്നിവയുടെ നിർമ്മാണ |

| | |
|---|---|
| | പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, 266154 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോമൺ ഫെസിലിറ്റി സെന്റർ, 72406 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.<br>**3. പെട്രോകെമിക്കൽ പാർക്ക്**<br>കൊച്ചിയിലെ ഫാക്ടിൽ നിന്നു കിഫ്ബി ഫണ്ട് മുഖാന്തിരം കിൻഫ്ര വാങ്ങിയ 481.79 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചു. അതിൽ 170 ഏക്കർ ഭൂമി ബി.പി.സി എല്ലിന് അലോട്ട് ചെയ്യുകയും രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു.<br>**4. ഇന്റഗ്രേറ്റഡ് റൈസ് പാർക്ക് :**<br>സംസ്ഥാനത്ത് നെല്ല് കർഷകർക്ക് ന്യായ വില ഉറപ്പാക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും ലക്ഷ്യമാക്കി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് ഇന്റഗ്രേറ്റഡ് റൈസ് പാർക്ക്. കിൻഫ്രയുടെ നേതൃത്വത്തിലാണ് സംസ്ഥാനത്ത് റൈസ് പാർക്കുകൾ സ്ഥാപിക്കുന്നത്. ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലാണ് റൈസ് പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിലും പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ടും പദ്ധതിക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. തൃശ്ശൂരിൽ ഭൂമി കണ്ടെത്തി തുടർനടപടികൾ കിൻഫ്ര സ്വീകരിച്ചു വരുന്നു. പാലക്കാട്ടും ആലപ്പുഴയിലും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന റൈസ് പാർക്കിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ട്.ആലപ്പുഴ ജില്ലയിലെ പദ്ധതിക്ക് 66.05 കോടി രൂപയും പാലക്കാട് ജില്ലയിലെ പദ്ധതിക്ക് 42.30 കോടി രൂപയുമാണ് ചിലവ് പ്രതീക്ഷിക്കുന്നത്. |
| **(സി)** ഈ സർക്കാർ അധികാരത്തിലെത്തിയശേഷം കിൻഫ്ര വഴി എത്ര വ്യവസായങ്ങൾക്ക് ഭൂമി അനുവദിക്കാനായെന്നും അതുവഴി | **(സി)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 273 വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് |

| | |
|---|---|
| സൃഷ്ടിക്കാനായ തൊഴിലവസരങ്ങൾ എത്രയെന്നതിന്റെയും കണക്കുകൾ ലഭ്യമാണോ? | ചെയ്തിട്ടുണ്ട്. പ്രസ്തുത സംരംഭകർ നൽകിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം അവരുടെ സംരംഭങ്ങൾ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 522 കോടി രൂപയുടെ സ്വകാര്യ നിക്ഷേപവും 7380 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത്. |

**സെക്ഷൻ ഓഫീസർ**